# അൽമായവേദി ന്യൂസ് ബുള്ളറ്റിൻ

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി പ്രസിദ്ധീകരണം

**Web Edition Only**

2007 ഡിസംബർ 6


# മെത്രാൻ വാഴ്ച: സാധുവും നിയമാനൃതവുമെന്ന് സുന്നഹദോസ്

**അൽമായവേദി ന്യൂസ് സർവ്വീസ്**

കോട്ടയം: അന്ത്യോഖ്യൻ സഭയിൽപ്പെട്ട മൂസാ ഗുർഗാൻ റമ്പാനെ മാർ സേവേറിയോസ് എന്ന പേരിൽ യൂറോപ്പിലെ സിറിയൻ ഓർത്തഡോക്സ് സഭയ്ക്കുവേണ്ടി മെത്രാനായി വാഴിച്ചത് നിയമാനുസൃതവും സാധുവുമെന്ന് പ. എപ്പിസ്കോപ്പൽ സുന്നഹദോസ്.



മുൻകൂട്ടി നിശ്ചയിച്ചതനുസരിച്ച് പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ യോഗം ഇന്നു രാവിലെ 10 മണിക്ക് ദേവലോകം അരമനയിൽ ആരംഭിച്ചു.

മെത്രാൻ തിരഞ്ഞെടുപ്പിന്റെ പുതുക്കിയ മാനദണ്ഡങ്ങൾ അംഗീകരിക്കാനാണ് യോഗം ചേർന്നത്.

മാർ സേവേറിയോസിന് പട്ടം കൊടുത്തത് അനധികൃതമെന്നും, അതിനാൽ വാഴ്ച നടത്തിയവരുടെ പേരിൽ ഉടൻ നടപടിയെടുക്കണമെന്ന വാദവുമായി മാർ കൂറിലോസ്, മാർ പക്കോമിയോസ് എന്നീ രണ്ടു മെത്രാന്മാർ ബഹളമുണ്ടാക്കി. സുന്നഹദോസ് തീരുമാനം നടപ്പാക്കുക മാത്രമാണു തങ്ങൾ ചെയ്തതെന്ന വാദവുമായി വാഴ്ച നടത്തിയവർ തങ്ങളുടെ ഭാഗം വിശദീകരിച്ചു. സഭയുടെ നന്മയ്ക്കായാണ് വാഴ്ച നടത്തിയതെന്ന് അവർ പറഞ്ഞു. പാത്രിയർക്കീസ് ഭാഗത്തു നിന്നു വന്ന മെത്രാന്മാരെ കുറെക്കാലമായി വേട്ടയാടുന്നതിനെതിരെ ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ പൊട്ടിത്തെറിച്ചതോടെ കാര്യങ്ങൾ മാറിമറിഞ്ഞു. വാഴ്ച സാധുവും നിയമാനൃതവുമെന്ന് സുന്നഹദോസ് തീരുമാനിക്കുകയും മിനിറ്റ്സിൽ രേഖപ്പെടുത്തുകയും ചെയ്തു.



അൽമായവേദിയെ അധിക്ഷേപിക്കുന്ന ഒരു മെയിൽ പലർക്കും ലഭിച്ചതായി അറിയുന്നു. അതിൽ പറയുന്ന കാര്യങ്ങൾ വാസ്തവമല്ല എന്ന് സ്നേഹപൂർവ്വം അറിയിക്കട്ടെ.

**കെ. വി. ഏബ്രഹാം കൊടുവത്ത്**
(പ്രസിഡണ്ട്)

എന്നെ സംബന്ധിച്ച് മേൽ പറഞ്ഞ മെയിലിൽ പറയുന്ന കാര്യങ്ങൾ വാസ്തവമല്ല. ഞാനും അൽമായവേദിയും തമ്മിൽ പ്രശ്നങ്ങളുമില്ല.

**ജോയ്സ് തോട്ടയ്ക്കാട്**